## പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 187 | 04.06.2018-ൽ മറുപടിക്ക് |
|---|---|

### പോലീസ്, ജയിൽ തുടങ്ങിയവയ്ക്ക് അവാർഡുകളും അംഗീകാരങ്ങളും

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ്, ജയിൽ തുടങ്ങിയവയ്ക്ക് ഏതെങ്കിലും അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിനെ ISO 9001:2015 പദവി നൽകുന്നതിനു വേണ്ടി തെരഞ്ഞെടുക്കുകയുണ്ടായി. ഇപ്രകാരം ISO 9001:2015 നേടുന്ന കേരളത്തിലെ ആദ്യത്തെ ജില്ലാ പോലീസ് ഓഫീസായി മാറാൻ കൊല്ലം സിറ്റി പോലീസ് ഓഫീസിന് കഴിഞ്ഞു. കൂടാതെ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി 2017-ൽ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കുന്നതിലെ കാര്യക്ഷമത, ക്രമസമാധാന പരിപാലനത്തിലെ ജാഗ്രത, പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം, ശുചിത്വം, വാറണ്ട് നടപ്പാക്കൽ തുടങ്ങി 30 ഓളം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് വളപട്ടണം പോലീസ് സ്റ്റേഷനെ മികച്ച പോലീസ് സ്റ്റേഷനായി തെരഞ്ഞെടുത്തത്. |
| (ബി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കണ്ണൂർ സെൻട്രൽ ജയിലിന് ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തിയതിന് ജില്ലാ കളക്ടറുടെ മെറിട്ടോറിയസ് മെഡലും, സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടന്ന മെഗാ എക്സിബിഷനിൽ ജയിൽ വകുപ്പിന്റെ സ്റ്റാളിന് ജനപ്രിയ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ചീമേനി തുറന്ന ജയിലിനും, കൊയിലാണ്ടി സബ് ജയിലിനും സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതിയിൽ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

൪